വൈദ്യുതി ചാർജ്ജ് വർദ്ധനവ്

26 (2227) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ചാർജ് വിവിധ ഘട്ടങ്ങളിൽ വർദ്ധിപ്പിക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ;

(ബി) നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന കാരണങ്ങളാൽ വിവിധ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്:

(i) താപനിലയിങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ അനുപാതത്തിലുണ്ടായ ഗണ്യമായ വർദ്ധനവ്.

(ii) വൈദ്യുതിയുടെ ഉല്പാദന-പ്രസരണ-വിതരണ മേഖലകളിലെ ചെലവിനങ്ങളിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്.

(iii) പാരിസ്ഥിതികാനുമതി പ്രശ്നങ്ങളാലും പൊതുജനങ്ങളുടെ എതിർപ്പ് മൂലവും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ.

(iv) വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ്

(v) സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളിലെ ഉയർന്ന വൈദ്യുതി ഉല്പാദന ചെലവ്.

(vi) സംസ്ഥാനത്തിന് പുറമെനിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ അഭാവം.

(vii) വർദ്ധിച്ച തോതിലുള്ള നാണയപ്പെരുപ്പ് നിരക്ക്

പ്രസ്തുത കാരണങ്ങളാൽ വർദ്ധിച്ച ബോർഡിന്റെ വരുമാന കമ്മി നികത്തുന്നതിനുവേണ്ടി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ചാർജ്ജ് വർദ്ധനവുകൾ നടപ്പിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. വൈദ്യുതി ബോർഡ് 2015-16 വർഷത്തെ പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷൻ (ARR&ERC) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത പെറ്റീഷൻ പ്രകാരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും റഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടില്ല. റഗുലേറ്ററി കമ്മീഷൻ പ്രസ്തുത പെറ്റീഷനുമേൽ ഇനിയും തീരുമാനമെടുത്തിട്ടില്ല.

എനർജി ഇന്നവേഷൻ സോൺ

27 (2228) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള എനർജി ഇന്നവേഷൻ സോണിനു വേണ്ടി എത്ര തുകയാണ് 2014-15, 2015-16-ൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

എനർജി ഇന്നവേഷൻ സോണിനുള്ള സാമ്പത്തിക സഹായമായി 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ 2013-14-ലെ ബജറ്റിൽ ഇന്നവേഷൻഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 2013 ജൂലൈ 1 മുതൽ 2014 ജൂൺ 30 വരെ 24,40,937 രൂപയും 2014 ജൂലൈ 1 മുതൽ 2015 ജൂൺ 30 വരെ 24,43,318 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ഊർജ്ജമേഖലയിലെ നവീന ആശയങ്ങളുള്ള 6 സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സാമ്പത്തിക സഹായമായി 2014-15 സാമ്പത്തികവർഷത്തിൽ 45,80,225 രൂപ നൽകുകയുണ്ടായി. 2015-16 കാലയളവിൽ നവീന ആശയങ്ങളുള്ള 9 സംരഭകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവർക്കുള്ള സാമ്പത്തിക സഹായമായ 54,92,710 രൂപ കെ.എസ്.ഇ.ബി. നേരിട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജലത്തിൽ നിന്നല്ലാതെയുള്ള വൈദ്യുത പദ്ധതികൾ

28 (2229) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതിയിൽ കൂടിയല്ലാതെ വൈദ്യുതി ഉൽപാദിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly